# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 26** **18.03.2013- ൽ മറുപടിക്ക്**

## തീരദേശ ചരക്കു ഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.. വി ശ്രേയാംസ് കുമാർ :<br>ശ്രീ. പി.സി. ജോർജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) തീരദേശ ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് 'തീരദേശ കപ്പൽ ഗതാഗതം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തെയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് തുടങ്ങുന്നതിനുവേണ്ടി തുറമുഖങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുറമുഖങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ; വ്യക്തമാക്കുമോ; | (ബി) പര്യാപ്തമല്ല. തീരദേശ പദ്ധതി നടപ്പിലാക്കുന്നതിന് തുറമുഖങ്ങളിൽ ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഡ്രഡ്ജിംഗ്, ചുറ്റുമതിൽ, ട്രാൻസിറ്റ് ഷെഡ്, വാർഫ്, |

വെയ്ബ്രിഡ്ജ്, ക്രെയിൻ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) 2013-14 സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

(സി) 2013-14 സാമ്പത്തിക വർഷം കോസ്റ്റൽ ഷിപ്പിംഗ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. കൊല്ലം തുറമുഖത്തിലൂടെയുള്ള കോസ്റ്റൽ ഷിപ്പിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോസ്റ്റൽ ഷിപ്പിംഗ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കോസ്റ്റൽ ഷിപ്പിംഗ് വഴി കൊണ്ടുവരുന്ന ചരക്കുകൾക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് നടത്തുന്നതിനുവേണ്ടി നിർമ്മിക്കുന്ന കപ്പലുകൾക്ക് വായ്പ ലഭ്യമാക്കുന്നതിനും കോസ്റ്റൽ ഷിപ്പിംഗ് നടത്തുന്ന കപ്പലുകൾക്ക് പോർട്ട് ചുങ്കത്തിൽ ഇളവ് അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു. ആദ്യ വർഷം 75%, തുടർന്നുള്ള വർഷം 60%, 45%, 30%, 15% എന്ന നിരക്കിലാണ് സബ്സിഡി നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ